# യാത്രക്കാർ ശ്രദ്ധിക്കുക

﴿ آداب السفر ﴾

[മലയാളം–Malayalam– مليالم]


സയ്യിദ് സഅ്ഫർ സ്വാദിഖ്

سيد سعفر صادق

പരിശോധന : സുഫ്‌യാൻ അബ്ദുസ്സലാം

مراجعة: سفيان عبد السلام



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്

റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com

1430 – 2009

## ആമുഖം

بسم الله الرحمن الرحيم

പ്രകൃതിമതമായ ഇസ്ലാം മനുഷ്യന്റെ പ്രകൃതിക്കിണങ്ങുന്ന നിയമനിർദ്ദേശ ങ്ങൾ മാത്രമേ മനുഷ്യരോട് അനു സരിക്കാൻ കൽപിച്ചിട്ടുള്ളൂ. ഇസ്ലാ മിന്റെ ഏതൊരു അനുശാസനത്തെ സംബന്ധിച്ചും നാം ചിന്തിക്കുകയും പഠിക്കുകയും ചെയ്യുകയാണെങ്കിൽ ആത്യന്തികമായി അതിന്റെ പരിണിത ഫലം മനുഷ്യന്റെ ഇഹപരലോക വി ജയത്തിനുതകുന്നതായി നമുക്ക് ഗ്ര ഹിക്കാൻ സാധിക്കും. സാമൂഹ്യ ജീ വിയായ മനുഷ്യന് ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് യാത്ര ചെയ്യൽ അനിവാര്യമായിത്തീരുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളി ലേക്കും വെളിച്ചം വീശുന്ന ഇസ്ലാം, അതു കൊണ്ട് തന്നെ, യാത്ര പുറപ്പെ ടുമ്പോൾ മുതൽ വീട്ടിൽ തിരിച്ചെ ത്തുന്നത് വരെ വിശ്വാസികൾ പാലി ക്കേണ്ട മര്യാദകളും ചൊല്ലേണ്ട പ്രാ ർത്ഥനകളും വളരെ പ്രാധാന്യത്തോ ടെ തന്നെ മനുഷ്യനെ പഠിപ്പിക്കുന്നു. പ്രസ്തുത കാര്യങ്ങൾ ചെറിയ രീതി യിൽ ഉണർത്തുവാനാണ് ഈ ലഘു കൃതിയിലൂടെ ആഗ്രഹിക്കുന്നത്. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ. ആമീൻ.

മഹാനായ റസൂലുല്ലാഹ് (ﷺ)യാത്ര യെ സംബന്ധിച്ച് പറയുന്ന ഒരു ഹദീസ് നാം ശ്രദ്ധിക്കുക:

عَنْ أَبِي هُرَيْرَةَ رَضِي اللَّهُ عَنْه أَنَّ رَسُولَ اللَّهِ صَلَّى

اللهَّ عَلَيْهِ وَسَلَّمَ قَالَ:السَّفَرُ قِطْعَةٌ مِنَ الْعَذَابِ يَمْنَعُ أَحَدَكُمْ نَوْمَهُ وَطَعَامَهُ وَشَرَابَهُ فَإِذَا قَضَى أَحَدُكُمْ نَهْمَتَهُ فَلْيُعَجِّلْ إِلَى أَهْلِهِ (بخاري)

അബൂഹുറൈറ(ﷺ)വിൽ നിന്ന് നിവേ ദനം: റസൂലുല്ലാഹ്(ﷺ) പറയുകയു ണ്ടായി: ശിക്ഷയുടെ ഒരു ഭാഗമാ കുന്ന യാത്ര. അത് നിങ്ങളുടെ ഉറക്ക ത്തെയും, ഭക്ഷണത്തെയും, പാനീയ ത്തെയും തടയുന്നു. ആരുടെയെങ്കി ലും(യാത്രയുടെ) ഉദ്ദേശം പൂർത്തി യായാൽ അവൻ പെട്ടെന്ന് തന്റെ വീട്ടുകാരുടെ അടുത്തേക്ക് മടങ്ങേ ണ്ടതാകുന്നു. (ബുഖാരി)

**യാത്ര ചോദിക്കൽ** പ്രവാചകചര്യ പരിശോധിക്കുമ്പോൾ യാത്ര പോകുന്ന വ്യക്തി മറ്റുള്ളവ രോട് യാത്ര ചോദിക്കൽ സുന്നത്താ ണെന്ന് കാണാൻ സാധിക്കുന്നതാണ്. ഒരു ഹദീസ് നോക്കുക:

عنْ سَالِمِ بْنِ عَبْدِ اللهَّ قَالَ كَانَ أَبِي عَبْدُ اللهَّ بْنُ عُمَرَ إِذَا أَتَى الرَّجُلَ وَهُوَ يُرِيدُ السَّفَرَ قَالَ: لَهُ ادْنُ حَتَّى أُوَدِّعَكَ كَمَا كَانَ رَسُولُ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ يُوَدِّعُنَا فَيَقُولُ أَسْتَوْدِعُ اللهَّ دِينَكَ وَأَمَانَتَكَ وَخَوَاتِيمَ عَمَلِكَ (أحمد)

സാലിമുബ്നു അബ്ദുല്ലാഹ്(ﷺ)വിൽ നിന്ന് നിവേദനം: എന്റെ പിതാവ് അബ്ദുല്ലാഹ് ഇബ്നു ഉമർ ആരെ ങ്കിലും യാത്ര പോകുവാൻ ഉദ്ദേശിച്ചു കൊണ്ട് വരികയാണെങ്കിൽ അദ്ദേഹ ത്തോട് പറയുമായിരുന്നു: നീ അടു ത്ത് നിൽക്കുക, പ്രവാചകൻ(ﷺ) ഞ ങ്ങളെ യാത്ര അയക്കുന്നത് പോലെ ഞാൻ താങ്കളെയും യാത്രയയക്കാം എന്ന് പറഞ്ഞ് കൊണ്ട് പറയും: താങ്കളുടെ മതത്തെയും,

താങ്കളുടെ വിശ്വസ്തതയേയും, താങ്കളുടെ കർമ്മങ്ങളുടെ പര്യാവസാനത്തെയും ഞാൻ അല്ലാഹുവിൽ ഏൽപിക്കുന്നു. (അഹ്മദ്)

സച്ചരിതരായ സലഫു സ്വാലിഹീ ങ്ങളിൽ നിന്നുംഒരു പാട് ഉദ്ധരണി കളും നമുക്ക് ഈ വിഷയത്തിൽ കാണാവുന്നതാണ്. അത് കൊണ്ട് ത ന്നെ പ്രവാചകന്റെ സുന്നത്ത് എന്ന നിലക്ക് ഈ കാര്യം നാം ജീവിത ത്തിൽ പകർത്തുക.

**ഒറ്റക്ക് യാത്ര ചെയ്യാതിരിക്കുക:**
യാത്ര പോകുമ്പോൾ ചുരുങ്ങിയത് മൂന്ന് പേരെങ്കിലും ഒന്നിച്ച് പോകുന്ന താണ് നല്ലത് എന്ന് പ്രവാചകൻ(ﷺ) യുടെ സുന്നത്തിൽ നിന്നും നമുക്ക് ഉൾകൊള്ളുവാൻ സാധിക്കുന്ന കാര്യ മാണ്. അതിനെ സംബന്ധിച്ചുള്ള ഒരു ഹദീസ് നാം വായിക്കുക:

عَنِ ابْنِ عُمَرَ عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: لَوْ يَعْلَمُ النَّاسُ مَا فِي الْوَحْدَةِ مَا أَعْلَمُ مَا سَارَ رَاكِبٌ بِلَيْلٍ وَحْدَهُ (بخاري)

ഇബ്നുഉമർ(ﷺ)വിൽ നിന്ന് നിവേദ നം: പ്രവാചകൻ (ﷺ)പറഞ്ഞു: ഒറ്റക്ക് യാത്ര പോകുമ്പാഴുണ്ടാകുന്ന കാര്യ ങ്ങളെ സംബന്ധിച്ച് ഞാൻ അറിയു ന്നത് പോലെ മനുഷ്യർ അറിഞ്ഞിരു ന്നുവെങ്കിൽ ഒരു രാത്രിയിലും ഒരാ ളും വാഹനം കയറി ഒറ്റക്ക് യാത്ര പോകില്ലായി രുന്നു. (ബുഖാരി)

عَنْ عَمْرِو بْنِ شُعَيْبٍ عَنْ أَبِيهِ عَنْ جَدِّهِ أَنَّ رَسُولَ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ الرَّاكِبُ شَيْطَانٌ وَالرَّاكِبَانِ شَيْطَانَانِ وَالثَّلَاثَةُ رَكْبٌ قَالَ أَبو عِيسَى حَدِيثُ ابْنِ عُمَرَ حَدِيثٌ حَسَنٌ صَحِيحٌ (الترمذي)

അംറുബ്നു ശുഐബ്(ﷺ) തന്റെ പിതാവിൽ നിന്നും അദ്ദേഹം തന്റെ പിതാവിൽ നിന്നും നിവേദനം: പ്രവാചകൻ(ﷺ) പറയുകയുണ്ടായി: ഒറ്റക്ക് യാത്ര ചെയ്യുന്നവൻ ശൈത്വാനാണ്, രണ്ടാളുകൾ യാത്ര ചെയ്യുകയാണെ ങ്കിൽ അവർ രണ്ട് ശൈത്വാനാണ്, മൂന്നാളുകൾ യാത്ര ചെയ്യുന്നതാണ് യഥാർത്ഥത്തിലുള്ള യാത്ര.(തിർമിദി)

ഈ ഹദീസിനെ വിശദീകരിച്ചു കൊ ണ്ട് മഹാൻമാർ പറയുന്നത് ഇവിടെ ശൈത്വാനാണ് എന്ന് പറഞ്ഞത് അവരെ പിശാച് വഴിതെറ്റിക്കുവാനും, അ തു പോലെ ഉപദ്രവങ്ങളേൽപ്പിക്കുവാ നും സാധ്യത കൂടുതലുണ്ടെന്നാണ്. അത് കൊണ്ട് തന്നെ മൂന്നാ ളുകളുടെ സംഘമാണ് യഥാർത്ഥത്തിൽ യാത്രയെന്ന് പറയുവാൻ സാധിക്കുക യുള്ളൂ. അങ്ങിനെയാകുമ്പോൾ അവ ർക്ക് ഒരു ശക്തിയുണ്ടാ കും, സമാധാ നാവും ഉണ്ടാകും. മൂന്നാളുകളിൽ നിന്ന് ഒരാളെ അമീറാക്കുകയും ചെയ്യണം. പ്രവാചകൻ(ﷺ) നമ്മെ പഠിപ്പിക്കുന്നത് നോക്കുക.

**അമീർ ഉണ്ടായിരിക്കണം:**

عَنْ أَبِي سَعِيدٍ الْخُدْرِيِّ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ إِذَا خَرَجَ ثَلَاثَةٌ فِي سَفَرٍ فَلْيُؤَمِّرُوا أَحَدَهُمْ (أبوداود- (ألباني - حسن صحيح)

അബൂസഈദുൽ ഖുദ്‌രി (ﷺ)വിൽ നിന്ന് നിവേദനം: റസൂലുല്ലാഹ്(ﷺ) പറഞ്ഞു: ഏതെങ്കിലും മൂന്നാളുകൾ യാത്ര പുറപ്പെടുകയാണെങ്കിൽ അവ രിൽ ഒരാളെ അമീറായി നിശ്ചയി ക്കട്ടെ. (അബൂദാവൂദ്)

## നായ, മണിനാദം പോലെയുള്ളവ കൂടെ കൊണ്ടു പോകാതിരിക്കുക.

അല്ലാഹുവിനോട് പ്രാർത്ഥിച്ച് കൊ ണ്ട് പുറപ്പെടുന്ന യാത്രയായത് കൊ ണ്ട് തന്നെ ആ യാത്രയിൽ അല്ലാഹു വിന് ഇഷ്ടമില്ലാത്തത് കൂടെ കൊണ്ടു പോകുവാനും പാടില്ല. അതാണ് താ ഴെ വരുന്ന ഹദീസിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്.

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللهِّ صَلَّى اللهَّ عَلَيْهِ وَسَلَّمَ قَالَ: لَا تَصْحَبُ الملَائِكَةُ رُفْقَةً فِيهَا كَلْبٌ وَلَا جَرَسٌ (مسلم)

അബൂഹുറൈറ(ﷺ)പറയുന്നു: റസൂലുല്ലാഹ്(ﷺ)പറഞ്ഞു:മണിനാദവും(ബെല്ല്),നായയുമുള്ളവരോടൊപ്പം മലക്കുകൾ കൂടെ പോവുകയില്ല. (മുസ്ലിം)

## സ്ത്രീകൾ മഹ്റമിന്റെ കൂടെ:

യാത്ര പോകുമ്പോൾ അപ്രതീക്ഷിത മായി ചില ബുദ്ധിമുട്ടുകളും പ്രയാസ ങ്ങളും നേരിടേണ്ടി വരുന്നതാണ്, അ തു പോലെ സഞ്ചരിക്കുന്ന വാഹന ങ്ങളും, മറ്റു യാത്രാ മാധ്യമങ്ങളും കേടുവരുവാനും സാധ്യത കൂടുതലാ ണ്. ഈ കാര്യങ്ങളെല്ലാം സ്ത്രീകൾ ക്ക് വളരെയധികം ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വരുത്തി വെക്കും. അ ങ്ങിനെയുള്ള സാഹചര്യങ്ങളിൽ

അവ രുടെ സുരക്ഷ പരിഗണിച്ചു കൊണ്ട് ഇസ്ലാം സ്ത്രീകളോട് പറയുന്നത് നി ങ്ങൾ മഹ്റമിന്റെ (ഭർത്താവോ, വി വാഹം നിഷിദ്ധമായ മകൻ, പിതാവ്, സഹോദരൻ തുടങ്ങിയവരാണ് ഉദ്ദേ ശിക്കുന്നത്) കൂടെ മാത്രമേ യാത്ര ചെയ്യുവാൻ പാടുള്ളൂ. ഇത് സ്ത്രീക ൾക്ക് ഇസ്ലാം നൽകുന്ന സ്വാതന്ത്ര്യ വും, സുരക്ഷിതത്വവുമാണെന്ന് ബു ദ്ധിയുള്ളവർക്കൊക്കെ മനസിലാക്കു വാൻ സാധിക്കുന്ന കാര്യമാണ്. അ താണ് പ്രവാചകൻ(ﷺ) നമ്മെ പഠിപ്പി ക്കുന്നത്.

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: لاَ يحِلُّ لِإِمْرَأَةٍ تُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ تُسَافِرُ مَسِيرَةَ يَوْمٍ وَلَيْلَةٍ إِلَّا مَعَ ذِي محْرَمٍ عَلَيْهَا (مسلم)

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന്: പ്ര വാചകൻ(ﷺ)പറയുകയുണ്ടായി: അ ല്ലാഹുവിലും, അന്ത്യനാളിലും വിശ്വ സിക്കുന്ന ഒരു സത്യവിശ്വാസിനിക്ക് തന്റെ മഹ്റമിന്റെ കൂടെയല്ലാതെ ഒരു രാത്രിയും, പകലും യാത്രാ ദൂരമു ള്ള യാത്ര പാടില്ലാത്തതാകുന്നു. (മുസ്ലിം)

عَنْ أَبِي مَعْبَدٍ قَالَ سَمِعْتُ ابْنَ عَبَّاسٍ يَقُولُ سَمِعْتُ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يخْطُبُ يَقُولُ لَا يخْلُوَنَّ رَجُلٌ بِامْرَأَةٍ إِلاَّ وَمَعَهَا ذُو محْرَمٍ وَلاَ تُسَافِرِ الْمُرْأَةُ إِلاَّ مَعَ ذِي محْرَمٍ فَقَامَ رَجُلٌ فَقَالَ يَا رَسُولَ اللَّهِ إِنَّ امْرَأَتِي خَرَجَتْ حَاجَّةً وَإِنيِّ اكْتُتِبْتُ فِي غَزْوَةِ كَذَا وَكَذَا قَالَ انْطَلِقْ فَحُجَّ مَعَ

امْرَأَتِكَ (مسلم)

അബൂമഅ്ബദിൽ(ﷺ) നിന്നും നിവേ ദനം; ഇബ്നുഅബ്ബാസ്(ﷺ) പറയുന്ന തായി ഞാൻ കേട്ടു: പ്രവാചകൻ (ﷺ)പ്രസംഗിക്കുമ്പോൾ ഇങ്ങനെ പറ യുന്നതായി ഞാൻ കേൾക്കുകയു ണ്ടായി; ഒരു സ്ത്രീയും പുരുഷനും ഒ ഴിഞ്ഞിക്കുവാൻ പാടില്ല, അവളുടെ കൂടെ മഹ്റമില്ലാതെ, മഹ്റമിന്റെ കൂ ടെയല്ലാതെ ഒരു സ്ത്രീ യാത്ര ചെ യ്യുവാൻ പാടില്ല. അപ്പോൾ ഒരാൾ എഴുന്നേറ്റ് കൊണ്ട് ചോദിക്കുകയു ണ്ടായി: അല്ലാഹുവിന്റെ തിരുദൂതരെ, എന്റെ ഭാര്യ ഹജ്ജിന് പുറപ്പെട്ടിരി ക്കുകയാണ്, എന്നാൽ ഞാനാകട്ടെ ഇന്നയിന്ന യുദ്ധത്തിന് പോകു വാ നായി തീരുമാനിച്ചിരിക്കുന്നു, അപ്പോ ൾ തിരുമേനി പറഞ്ഞു: നീ ഭാര്യയു ടെ കൂടെ ഹജ്ജ് ചെയ്യാനായി പുറ പ്പെടുക. (മുസ്ലിം)

## വ്യാഴാഴ്ചയുള്ള യാത്ര.

പ്രത്യേകമായ ദിവസം മാത്രമെ നി ങ്ങൾ യാത്ര പുറപ്പെടുവാൻ പാടു ള്ളൂവെന്ന് പ്രവാചകൻ(ﷺ) നമ്മോട് നിർദ്ദേശിച്ചിട്ടില്ല. എന്നാൽ യാത്ര പു റപ്പെടുന്നത് വ്യാഴാഴ്ചയാകുന്നത് പ്ര വാചകൻ ഇഷ്ടപ്പെട്ടിരുന്നുവെന്ന് ഹദീ സുകളിൽ കാണാവുന്നതാണ്. ഒരു ഹദീസ് ശ്രദ്ധിക്കുക:

عَنْ عبد الرحمن بْنِ كَعْبِ بْنِ مَالِكٍ عَنْ أَبِيهِ رَضِي اللهُ عَنْه أَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ خَرَجَ

يَوْمَ الْخَمِيسِ فِي غَزْوَةِ تَبُوكَ وَكَانَ يُحِبُّ أَنْ

يَخْرُجَ يَوْمَ الخَمِيسِ ( بخاري)

അബ്ദുർറഹ്മാനുബ്നു കഅ്ബ് ബ്നു മാലിക്(ﷺ) തന്റെ പിതാവിൽനിന്നും നിവേദനം;പ്രവാചകൻ(ﷺ) തബൂക്ക് യുദ്ധത്തിന് വേണ്ടി വ്യാഴാഴ്ചയാണ് പുറപ്പെട്ടത്, വ്യാഴാഴ്ച പുറപ്പെടുവാ ൻ അദ്ദേഹം ഇഷ്ടപ്പെടാറുണ്ടായിരു ന്നു. (ബുഖാരി)

عَنْ كَعْبِ بْنِ مَالِكٍ قَالَ قَلَّمَا كَانَ رَسُولُ اللهِّ صَلَّى اللهّ عَلَيْهِ وَسَلَّمَ يَخْرُجُ فِي سَفَرٍ إِلاَّ يَوْمَ الخَمِيسِ ( أبو داود)

കഅ്ബ്നു ബ്നുമാലികിൽ (ﷺ) നി ന്നും നിവേദനം: പ്രവാചകൻ വ്യാഴാ ഴ്ചയല്ലാതെ യാത്ര പുറപ്പെടുന്നത് കു റവായിരുന്നു. (അബൂദാവൂദ്)

## യാത്രയിലെ പ്രാർത്ഥനകൾ

ജീവിതത്തിന്റെ വ്യത്യസ്ത മേഖലക ളിൽ ചൊല്ലേണ്ട പ്രത്യേകമായ പ്രാർ ത്ഥനകൾ പ്രവാചകൻ(ﷺ) നമുക്ക് പ ഠിപ്പിച്ചിട്ടുണ്ട്.

## വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ

بِسْمِ اللهِ ، تَوَكَّلْتُ عَلَى اللهِ وَلاَ حَوْلَ وَلاَ قُوَّةَ إِلاَّ بِاللهِ. [أبو داود ٤/ ٣٢٥ والترمذي ٥/ ٤٩٠]

അല്ലാഹുവിന്റെ നാമത്തിൽ, അല്ലാ ഹുവിന്റെ മേൽ ഞാൻ ഭരമേൽ പ്പി ക്കുന്നു. അല്ലാഹുവിനെ കൊണ്ടല്ലാ തെ ഒരു ശക്തിയും കഴിവുമില്ല. (അ ബൂദാവൂദ്, തുർമുദി )

اللّهُـمَّ إِنِّـي أَعـوذُ بِكَ أَنْ أَضِـلَّ أَوْ أُضَـل ، أَوْ أَزِلَّ أَوْ أُزَل ، أَوْ أَظْلِـمَ أَوْ أُظْلَـم ، أَوْ أَجْهَلَ أَوْ يُـجْهَلَ عَلَـيّ .   [صحيح الترمذي ٣/ ١٥٢]

അല്ലാഹുവേ, ഞാൻ വഴി തെറ്റുക യോ തെറ്റിക്കപ്പെടുകയോ ചെയ്യു ന്നതിൽ നിന്നും, ഞാൻ വ്യതിചലി ക്കുകയോ വ്യതിയാനത്തിന് വിധേയ മാക്കപ്പെടുകയോ ചെയ്യുന്നതിൽ നി ന്നും‘ ആക്രമിക്കുകയോ ആക്രമിക്ക പ്പെടുകയോ ചെയ്യുന്നതിൽ നിന്നും അവിവേകം ചെയ്യുകയോ അവിവേ കത്തിന് വിധേയമാകുകയോ ചെ യ്യുന്നതിൽ നിന്നും നിന്നോട് ഞാൻ അഭയം ചോദിക്കുന്നു. ( തുർമുദി)

**വാഹനത്തിൽ കയറുമ്പോൾ**

വാഹനത്തിൽ കറയുമ്പോഴും, ദീർ ഘമായ യാത്രപോകാനായി വാഹന ത്തിൽ കയറി വാഹനം സഞ്ചരിക്കു വാൻ തുടങ്ങുമ്പോഴും:

عن ابْنَ عُمَرَ قال: أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ كَانَ إِذَا استوي عَلَى بَعِيرِهِ خَارِجًا إِلَى سَفَرٍ كَبَّرَ ثَلَاثًا ثُمَّ قَالَ ( سُبْحَانَ الَّذِي سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِينَ وَإِنَّا إِلَى رَبِّنَا لمُنْقَلِبُونَ ) اللَّهُمَّ إِنَّا نَسْأَلُكَ فِي سَفَرِنَا هَذَا الْبِرَّ وَالتَّقْوَى وَمِنَ الْعَمَلِ مَا تَرْضَى اللَّهُمَّ هَوِّنْ عَلَيْنَا سَفَرَنَا هَذَا وَاطْوِ عَنَّا بُعْدَهُ اللَّهُمَّ أَنْتَ الصَّاحِبُ فِي السَّفَرِ وَالْخَلِيفَةُ فِي الْأَهْلِ اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ

وَعْثَاءِ السَّفَرِ وَكَآبَةِ الْمَنْظَرِ وَسُوءِ الْمُنْقَلَبِ فِي الْمَالِ وَالْأَهْلِ وَإِذَا رَجَعَ قَالَهُنَّ وَزَادَ فِيهِنَّ آيِبُونَ

تَائِبُونَ عَابِدُونَ لِرَبِّنَا حَامِدُونَ (مسلم)

ഇബ്നുഉമർ(ﷺ)വിൽ നിന്ന് നിവേദ നം: യാത്ര പുറപ്പെടുവാനായി പ്രവാ ചകൻ(ﷺ) തന്റെ വാഹനപ്പുറത്ത് ക യറിയാൽ മൂന്ന് പ്രാവശ്യം തക്ബീർ (الله أكبر)ചൊല്ലാറുണ്ടായിരുന്നു. എന്നി ട്ട് ഇങ്ങനെ പറയും: ഞങ്ങൾക്ക് ഈ വാഹനം ഒരുക്കിത്തന്നവൻ പരമ പ രിശു ദ്ധനാകുന്നു, ഞങ്ങൾക്കിത് ഒരു ക്കാ വാൻ കഴിവില്ലായിരുന്നു, തീർച്ച യായും ഞങ്ങൾ അവനിലേക്ക് ത ന്നെ മടങ്ങുന്നവരാണ്. അല്ലാഹുവേ, ഈ യാത്രയിൽ ഞങ്ങൾ നിന്നോട് പുണ്യവും, സൂക്ഷ്മതാബോധവും, നീ ഇഷ്ടപ്പെടുന്ന പ്രവർത്തനങ്ങളും ചോദിക്കുന്നു, അല്ലാഹുവേ, ഈ യാ ത്ര ഞങ്ങൾക്ക് നീ എളുപ്പമാക്കി ത രികയും, ഞങ്ങളിൽ നിന്ന് ദൂരം ചു രുക്കുകയും ചെയ്യേണമേ, അ ല്ലാഹു വേ, യാത്രയിലെ കൂട്ടുകാരനും, വീ ട്ടിലെ പ്രതിനിധിയും നീയാണ്, അല്ലാ ഹുവേ, യാത്രയുടെ ബുദ്ധിമുട്ടുകളി ൽ നിന്നും, ചീത്ത കാഴ്ചയിൽ നി ന്നും, സമ്പത്തിലും കുടും ബത്തിലു മുണ്ടാകുന്ന ചീത്തപര്യാവസാനത്തി ൽ നിന്നും ഞങ്ങൾ നിന്നോട് ശര ണം ചോദിക്കുന്നു. തിരുമേനി(ﷺ) യാ ത്രയിൽ നിന്ന് മടങ്ങി വന്നാൽ ഇ ങ്ങനെയും കൂടി അധികരിപ്പിക്കാറു ണ്ടായിരുന്നു. ‘ഞങ്ങൾ മടങ്ങുന്നവ രാണ്, ഞങ്ങൾ പശ്ചാതാപിക്കുന്നവ രാണ്, ഞങ്ങൾ

ആരാധന ചെയ്യുന്ന വരാണ്, ഞങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നവരുമാകുന്നു. (മുസ്ലിം)

**ഉയർന്ന സ്ഥലത്തും, താഴ്ന്ന സ്ഥ ലത്തും:**
സഞ്ചരിക്കുന്ന വഴികളിൽ സ്വാഭാവി കമായും താഴ്ന്ന പ്രദേശങ്ങളും, ഉയ ർന്ന പ്രദേശങ്ങളും ഉണ്ടാകും. അങ്ങി നെയുള്ള സന്ദർഭങ്ങളിൽ പ്രവാചക ൻ(ﷺ) പ്രത്യേകം പ്രത്യേകം പ്രാർത്ഥ നകൾ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഒരു ഹ ദീസ് കാണുക:

وَكَانَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ وَجُيُوشُهُ إِذَا عَلَوُا الثَّنَايَا كَبَّرُوا وَإِذَا هَبَطُوا سَبَّحُوا ... (أبو داود- صحح الألباني)

പ്രവാചകൻ(ﷺ)യും, സൈന്യങ്ങളും ഉയർന്ന പ്രദേശങ്ങളിലൂടെ യാത്ര ചെയ്യുകയാണെങ്കിൽ തക്ബീർ (الله أكبر) മുഴക്കാറുണ്ടായിരുന്നു, അ തിൽ നിന്നിറങ്ങി താഴ്ന്ന പ്രദേങ്ങ ളിലൂടെ സഞ്ചരിക്കുമ്പോൾ തസ്ബീ ഹ് سبحان الله ചൊല്ലാറുണ്ടായിരുന്നു. (അബൂദാവൂദ്)

**പ്രാർത്ഥന അധികരിപ്പിക്കുക:**
പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന സ ന്ദർഭമാണ് യാത്രാ വേളയെന്ന് പ്ര വാചകൻ(ﷺ) നമ്മെ പഠിപ്പിക്കുന്നുണ്ട്. അതുകൊണ്ട് യാത്രയിൽ നമ്മുടെ ചെറുതും വലുതുമായ കാര്യങ്ങൾക്ക് വേണ്ടി സർവ്വശക്തനും, സൃഷ്ടാവു മായ പടച്ച തമ്പുരാനോട് പ്രാർത്ഥി ക്കുക.ഒരുഹദീസ് നോക്കുക:

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ثَلاَثُ دَعَوَاتٍ مُسْتَجَابَاتٌ لاَ شَكَّ فِيهِنَّ دَعْوَةُ الْمَظْلُومِ وَدَعْوَةُ الْمُسَافِرِ وَدَعْوَةُ الْوَالِدِ عَلَى وَلَدِهِ (ترمذي)

അബൂഹുറൈറ(ﷺ)വിൽ നിന്ന്: റസൂലുല്ലാഹ്(ﷺ)പറയുകയുണ്ടായി: മൂന്ന് പ്രാർത്ഥനകൾ ഉത്തരം ലഭിക്കുന്നതാ കുന്നു, അതിൽ യാതൊരു സംശയവുമില്ല. അക്രമിക്കപ്പെട്ടവന്റെ പ്രാർ ത്ഥന, യാത്രക്കാരന്റെ പ്രാർത്ഥന, സന്താനത്തെതിരെയുള്ള പിതാവിന്റെ പാർത്ഥന. എന്നിവയാണവ. (തിർമിദി).

**എവിടെയെങ്കിലും ഇറങ്ങുമ്പോൾ**

സുദീർഘമായി യാത്ര ചെയ്യുമ്പോൾ വിശ്രമിക്കുവാനും മറ്റും വേണ്ടി നമു ക്ക് അറിയുന്നതോ, അറിയാത്തതോ ആയിട്ടുള്ള സ്ഥലങ്ങളിൽ ഇറങ്ങേ ണ്ടി വരുന്നതാണ്. ആ സന്ദർഭങ്ങളി ൽ റസൂലുല്ലാഹ്(ﷺ) പഠിപ്പിച്ച പ്രാർ ത്ഥന നാം ജീവിതത്തിൽ പ്രാവർ ത്തികമാക്കുകയാണെങ്കിൽ അവിടെ നിന്ന് നമുക്ക് യാതൊരു ഉപദ്രവവുമുണ്ടാവുകയില്ല.

سَعْدَ بْنَ أَبِي وَقَّاصٍ يَقُولُ سَمِعْتُ خَوْلَةَ بِنْتَ حَكِيمٍ السُّلَمِيَّةَ تَقُولُ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ مَنْ نَزَلَ مَنْزِلاً ثُمَّ قَالَ أَعُوذُ شَيْءٌ بِكَلِمَاتِ اللَّهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ لَمْ يَضُرَّهُ حَتَّى يَرْتَحِلَ مِنْ مَنْزِلِهِ ذَلِكَ (مسلم)

സഅദ്ബ്ന അബീവഖാസ്(ﷺ)വിൽ നിന്നും നിവേദനം: ഖൗലാബിന്ത് ഹ ഖീമുസ്സുലമി പറയുന്നതായി ഞാൻ കേട്ടു, റസൂലുല്ലാഹ് ̆(ﷺ) പറയുന്ന തായി ഞാൻ കേൾക്കുകയുണ്ടായി: ആരെങ്കിലും ഒരു സ്ഥലത്ത് ഇറങ്ങു കയും, ഇങ്ങനെ പ്രാർത്ഥിക്കുകയും ചെയ്താൽ അല്ലാഹുവിന്റെ പരിപൂർ ണ പദങ്ങൾ കൊണ്ട് സൃഷ്ടികളുടെ മുഴുവൻ ഉപദ്രവങ്ങളിൽ നിന്നും ഞാ ൻ രക്ഷ ചോദിക്കുന്നു എന്ന് പ്രാർ ത്ഥിക്കുകയാണെങ്കിൽ അവിടെ നി ന്നും തിരിച്ച് യാത്ര പുറപ്പെടുന്നത് വ രെ അവന് യാതൊരു ഉപദ്രവവുമേ ൽക്കുകയില്ല തന്നെ. (മുസ്ലിം)

**ഒന്നിച്ച് ഇറങ്ങുക, ഭക്ഷണം കഴിക്കുക:**

യാത്രയുടെ മര്യാദകളിൽ പെട്ടതും, പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുവാനു ള്ള സാഹചര്യം ഒരുക്കുന്നതിലും പെ ട്ടതാണ് ഒന്നിച്ച് ഇറങ്ങുകയും, ഒന്നി ച്ചിരുന്നത് ഭക്ഷണം കഴിക്കുകയും ചെയ്യുക എന്നുള്ളത്. ഒരു ഹദീസ് നോക്കുക:

حَدَّثَنَا أَبُو ثَعْلَبَةَ الْخُشَنِيُّ قَالَ كَانَ النَّاسُ إِذَا نَزَلُوا مَنْزِلاً قَالَ عَمْرٌو كَانَ النَّاسُ إِذَا نَزَلَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَنْزِلاً تَفَرَّقُوا فِي الشِّعَابِ وَالأَوْدِيَةِ فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِنَّ تَفَرُّقَكُمْ فِي هَذِهِ الشِّعَابِ وَالأَوْدِيَةِ إِنَّمَا ذَلِكُمْ مِنَ الشَّيْطَانِ فَلَمْ يَنْزِلْ بَعْدَ ذَلِكَ مَنْزِلاً إِلاَّ انْضَمَّ بَعْضُهُمْ إِلَى بَعْضٍ حَتَّى يُقَالَ لَوْ بُسِطَ عَلَيْهِمْ ثَوْبٌ لَعَمَّهُمْ (أبوداود- صحح الألباني)

അബൂഥഅ്ലബ അൽഖുശനിയ്യ് ̆(ﷺ) വിൽ നിന്ന് നിവേദനം: ജനങ്ങൾ എ വിടെയെങ്കിലും ഇറങ്ങിയാൽ,

അംറ് പറയുന്നു: ജനങ്ങൾ പ്രവാചകനോ ടൊപ്പം എവിടെയെങ്കിലും ഇറങ്ങുക യാണെങ്കിൽ പല വഴികളിലൂടെ, പ ല താഴ്‌വരകളിലൂടെ അവർ പോകുമാ യിരുന്നു, അപ്പോൾ പ്രവാചകൻ(ﷺ) പറയുകയുകയുണ്ടായി: ഈ താഴ്‌വര കളിലും, കുന്നിൻചെരുവുകളിലും ഇ ങ്ങനെ നിങ്ങൾ ഭിന്നിച്ച് നടക്കുകയെ ന്ന് പിശാചിൽ നിന്നുള്ളതാകുന്നു. അ തിന് ശേഷം അവർ എവിടെയെങ്കി ലും ഇറങ്ങുകയാണെങ്കിൽ ഒരു തു ണി കൊണ്ട് അവരെ വലയം ചെയ്യു വാൻ കഴിയുന്ന രൂപത്തിൽ കൂട്ടമാ യി നടക്കുമായിരുന്നു. (അബൂദാവൂദ്, അൽബാനി സ്വഹീ ഹാക്കിയ ഹദീ സ്) .

حَدَّثَنَا وَحْشِيُّ بْنُ حَرْبِ بْنِ وَحْشِيِّ بْنِ حَرْبٍ عَنْ أَبِيهِ عَنْ جَدِّهِ وَحْشِيٍّ أَنَّهُمْ قَالُوا يَا رَسُولَ اللَّهِ إِنَّا نَأْكُلُ وَلاَ نَشْبَعُ قَالَ فَلَعَلَّكُمْ تَأْكُلُونَ مُتَفَرِّقِينَ قَالُوا نَعَمْ قَالَ فَاجْتَمِعُوا عَلَى طَعَامِكُمْ وَاذْكُرُوا اسْمَ اللَّهِ عَلَيْهِ يُبَارَكْ لَكُمْ فِيهِ (أبو داود)

വഹ്ശിയ്യുബ്നു ഹർബുബ്നു വഹ്ശി (ﷺ) തന്റെ പിതാവിൽ നിന്നും, അദ്ദേ ഹം തന്റെപിതാവിൽ നിന്നും പറയു ന്നു: അവർ റസൂലുല്ലാഹ്(ﷺ) യോട് പറയുകയുണ്ടായി: പ്രവാചകരെ, ഞ ങ്ങൾ ഭക്ഷണം കഴിക്കാറുണ്ട്, പ ക്ഷേ, വിശപ്പടങ്ങാറില്ല. തിരുമേനി പ റഞ്ഞു: നിങ്ങൾ ഒരു പക്ഷേ, ഒറ്റ ക്കൊറ്റക്കായിരിക്കും ഭക്ഷണം കഴി ക്കുന്നത്, അവർ പറയുകയുണ്ടായി: അതെ, പറഞ്ഞു: നിങ്ങൾ ഭക്ഷണം കഴിക്കുവാനായി ഒരുമിക്കുകയും, അ തിൽ അല്ലാഹുവിന്റെ നാമം ഉച്ചരി ക്കുകയും ചെയ്യുക. നിങ്ങൾക്കതി ൽ അല്ലാഹു അനുഗ്രഹം ചൊരി ഞ്ഞേക്കാം. (അബൂദാവൂദ്).

**പെട്ടെന്ന് മടങ്ങുക.**

യാത്രയുടെ ഉദ്ദേശം പൂർത്തിയായി കഴിഞ്ഞാൽ പെട്ടെന്ന് സ്വന്തം നാട്ടി ലേക്കും, കുടുംബത്തിലേക്കും മടങ്ങേ ണ്ടതാണ്. അതാണ് പ്രവാചകൻ(ﷺ) മുൻ വിവരിച്ച ഹദീസിലൂടെ നമ്മെ പഠിപ്പിക്കുന്നത്.

عَنْ أَبِي هُرَيْرَةَ رَضِي اللهُ عَنْه أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: السَّفَرُ قِطْعَةٌ مِنَ الْعَذَابِ يَمْنَعُ أَحَدَكُمْ نَوْمَهُ وَطَعَامَهُ وَشَرَابَهُ فَإِذَا قَضَى أَحَدُكُمْ نَهْمَتَهُ فَلْيُعَجِّلْ إِلَى أَهْلِهِ (بخاري)

അബൂഹുറൈറ(ﷺ)വിൽ നിന്ന് നിവേ ദനം: റസൂലുല്ലാഹ്(ﷺ) പറയുകയു ണ്ടായി: ശിക്ഷയുടെ ഒരുഭാഗമാകുന്ന യാത്ര, അത് നിങ്ങളുടെ ഉറക്കത്തെ യും, ഭക്ഷണത്തെയും, പാനീയ ത്തെയും തടയുന്നു. ആരുടെയെങ്കി ലും(യാത്രയുടെ) ഉദ്ദേശം പൂർത്തി യായാൽ അവൻ പെട്ടെന്ന് തന്റെ വീ ട്ടുകാരുടെ അടുത്തേക്ക് മടങ്ങേണ്ട താകുന്നു. (ബുഖാരി)

**വീട്ടിൽ രാത്രിയിൽ പ്രവേശിക്കു ന്നത് വെറുക്കപ്പെട്ടതാണ്.**

യാത്ര കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങു മ്പോൾ വീട്ടുകാരെ അറിയിക്കേണ്ട തുണ്ട്, പെട്ടെന്ന് കയറി ചെല്ലരുത്. ചിലരെങ്കിലും വീട്ടുകാരെ അറിയി ക്കാതെ പെട്ടെന്ന് കയറിച്ചെന്ന് വീട്ടു കാരെ വിസ്മയിപ്പിക്കാറുണ്ട്. ഇത് പ്രവാചകൻ(ﷺ) വിരോധിച്ച കാര്യ മാണ്. ആയതിനാൽ വീട്ടുകാരെ അ റിയിച്ചു കൊണ്ടായിരിക്കണം വീട്ടി ലേക്ക് പ്രവേശിക്കേണ്ടത്. പ്രവാചക ന്റെ അധ്യാപനം നാം കേൾക്കുക:

عَنْ جَابِرٍ قَالَ نَهَى رَسُولُ اللهِّ صَلَّى اللهَّ عَلَيْهِ وَسَلَّمَ أَنْ يَطْرُقَ الرَّجُلُ أَهْلَهُ لَيْلاً يَتَخَوَّنُهُمْ أَوْ يَلْتَمِسُ عَثَرَاتِهِمْ (مسلم)

ജാബിർ(ﷺ)വിൽ നിന്നും നിവേദനം: രാത്രിയിൽ കുടുംബത്തിലേക്ക് അറി യിക്കാതെ പെട്ടെന്ന് കയറി ചെല്ലു ന്നത് റസൂലുല്ലാഹ്(ﷺ) വിലക്കിയിരി ക്കുന്നു. അതു പോലെ അവരെ നി ങ്ങൾ വഞ്ചിക്കുകയോ, അവരുടെ കുറ വുകൾ നിങ്ങൾ ചുഴിഞ്ഞന്വേഷിക്കു കയോ ചെയ്യരുത്. (മുസ്ലിം)

عَنْ جَابِرٍ قَالَ قَالَ رَسُولُ اللهِّ صَلَّى اللهَّ عَلَيْهِ وَسَلَّمَ إِذَا قَدِمَ أَحَدُكُمْ لَيْلاً لاَ يَأْتِيَنَّ أَهْلَهُ طُرُوقًا

(فجأةً) حَتَّى تَسْتَحِدَّ (حلق الشعرة في العورة) المُغِيبَةُ (الزوجة التي غاب عنها) وَتمَتْشِطَ الشَّعِثَةُ (بخاري)

ജാബിർ(ﷺ)വിൽ നിന്നും നിവേദനം: പ്രവാചകൻ(ﷺ) പറയുകയുണ്ടായി: നിങ്ങളിൽ ആരെങ്കിലും രാത്രിയിൽ തന്റെ കുടുംബത്തിലേക്ക് മടങ്ങുക യാണെങ്കിൽ ഭാര്യക്ക് ശരീരത്തിലെ മ്ലേഛതകൾ നീക്കുവാനും, മുടി ചീകി ഒതുക്കുവാനുമുള്ള സൗകര്യം നൽ കാത്തത് വരെ നിങ്ങളാരും വീട്ടിലേ ക്ക് പെട്ടെന്ന് കയറി ചെല്ലരുത്. (ബുഖാരി)

**പള്ളിയിൽ വന്ന് രണ്ട് റകഅത്ത് നമസ്കരിക്കുക:**

عَنْ كَعْبٍ رَضِي اللهُ عَنْه أَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ كَانَ إِذَا قَدِمَ مِنْ سَفَرٍ ضُحًى دَخَلَ الْمَسْجِدَ فَصَلَّى رَكْعَتَيْنِ قَبْلَ أَنْ يَجْلِسَ (بخاري)

കഅബ്(ﷺ)വിൽ നിന്ന് നിവേദനം: പ്രവാചകൻ(ﷺ) യാത്രയിൽ നിന്നും ളുഹ്ആ സമയത്ത് മടങ്ങി വന്നാൽ പ ള്ളിയിൽ പ്രവേശിക്കുകയും, ഇരിക്കു ന്നതിന് മുമ്പ് രണ്ട് റകഅത്ത് നമസ് കരിക്കുകയും ചെയ്യാറുണ്ടായിരുന്നു. (ബുഖാരി)

യാത്ര കഴിഞ്ഞ് നാട്ടിലെത്തിയാൽ അടുത്ത പള്ളിയിൽ പ്രവേശിച്ച് രണ്ട് റകഅത്ത് നമസ്കരിക്കൽ സുന്ന ത്താണ്. അതിനെ സംബന്ധിച്ച് പ്ര വാചകൻ(ﷺ) പറയുന്നത് നാം നോ ക്കുക:

**ജംഉം, കസ്വ്റും:**

ഇസ്ലാം പ്രയാസരഹിതമായ മതമാ ണ്, അതുകൊണ്ട് തന്നെ പ്രയാസ ങ്ങളും ബുദ്ധിമുട്ടുകളും അഭിമുഖീ കരിക്കേണ്ടി വരുന്ന യാത്രയിൽ അ ല്ലാഹു ചില ഇളവുകൾ നൽകിയിട്ടു ണ്ട്. നാല് റകഅത്തുള്ള നമസ്കാര ങ്ങൾ രണ്ട് റകഅത്തായി ചുരുക്കു വാനും, ളുഹ്റും അസ്വ്റും ഏതെങ്കി ലും ഒന്നിന്റെ സമയത്തും, മഗ്രിബും ഇശാഉം ഏതെങ്കിലും ഒന്നിന്റെ സമ യത്തും കൂട്ടി നമസ്കരിക്കുവാനും അനുവാദം നൽകിയിരിക്കുന്നു. ഇതിന് ശരീഅത്തിൽ ജംഉം കസ്വ്റുമെന്നാ ണ് പറയുക. ഹദീസ് ശ്രദ്ധിക്കുക:

عَنِ ابْنِ عَبَّاسٍ قَالَ أَقَمْنَا مَعَ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ فِي سَفَرٍ تِسْعَ عَشْرَةَ نَقْصُرُ الصَّلاَةَ (بخاري)

ഇബ്നു അബ്ബാസ്(ﷺ) പറയുന്നു: ഞ ങ്ങൾ പ്രവാചക ൻ(ﷺ)യുടെ കൂടെ പത്തൊൻപത് ദിവസം(യാത്രയിൽ) ഉണ്ടായിരുന്നു, ഞങ്ങൾ നമസ്കാരം ചുരുക്കി യിരുന്നു. (ബുഖാരി)

ഇബ്നു അബ്ബാസ(ﷺ)വിനോട് ഒരി ക്കൽ ഒരാൾ യാത്രയിൽ വന്ന്കൊ
ണ്ട് നമസ്കാര സമയമായി എന്ന് പ റഞ്ഞപ്പോൾ ഇബ്നുഅബ്ബാസ്(ﷺ) നി ശബ്ദനായിരുന്നു, ചോദ്യം മൂന്ന് പ്രാ വശ്യം ആവർത്തിച്ചു, അപ്പോൾ ഇബ് നു അബ്ബാസ് അദ്ദേഹത്തോട് പറയു ന്നത് നാം ഹദീസിൽ നിന്ന് ശ്രദ്ധി ക്കുക:

عَنْ عَبْدِ اللَّهِ بْنِ عَبَّاسٍ قَالَ كُنَّا نَجْمَعُ بَيْنَ الصَّلاَتَيْنِ عَلَى عَهْدِ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ (مسلم)

ഇബ്നു അബ്ബാസ്(ﷺ) പറഞ്ഞു: ഞ ങ്ങൾ പ്രവചകൻ (ﷺ)യുടെ കാലത്ത് രണ്ട് നമസ്കാരങ്ങൾ ഒന്നിച്ച് നമസ് കരിക്കാറുണ്ടായിരുന്നു. (മുസ്ലിം).

**ശ്രദ്ധിക്കുക:**

ഇസ്ലാമിനെ ശരിക്കും പഠിക്കുകയോ, ജീവിതത്തിൽ പകർത്തുകയോ ചെ യ്യാത്തത് കാരണത്താൽ പല അനാ ചാരങ്ങളും, അന്ധവിശ്വാസങ്ങളും മുസ്ലിംകളുടെ ഇടയിലേക്ക് കടന്ന് വ ന്നിട്ടുണ്ടെന്നത് ഒരു യാഥാർത്ഥ്യമാ ണ്. യാത്ര പോകുമ്പോഴും ഇസ്ലാം പ ഠിപ്പിക്കാത്ത ഒരുപാട് അനാചാരങ്ങ

ൾ നമ്മുടെ നാടുകളിലും മറ്റും കാ ണാം. ഹജ്ജിനും, ഉംറക്കും പോകു ന്നവർ കല്ല്യാണം നടത്തുന്നത് പോ ലെയുള്ള ആഘോഷ പരിപാടികളാ ണ് നടത്തി കൊണ്ടിരിക്കുന്നത്. എ ന്നാൽ ഇതിന് ഇസ്ലാമിൽ തെളിവില്ല, മറിച്ച് നാം മുകളിൽ വിശദമാക്കിയത് പോലെ യാത്ര ചോദിക്കൽ മാത്രമാ ണുള്ളത്. അതുപോലെ യാത്ര പോകു മ്പോൾ പള്ളികളിലെ പുരോഹിതൻ മാരെ വീട്ടിലേക്ക് ക്ഷണിക്കുകയും, അദ്ദേഹം സൂറത്തുൽ ഫാതിഹയും, ചെറിയ ചില സുറത്തുകളും പാരായ ണം ചെയ്യുകയും, അത് മുഴുവൻ പ്രവാചകൻമാരുടെയും, ശുഹദാക്ക ളുടെയും,പണ്ഡിതൻമാരുടെയും,ഔലിയാക്കളുടെയും ആത്മാവുകളിലേ ക്ക് ഹദ്‌യ നൽകുകയും, യാത്ര പോ കുന്നവന് മനസ്സിലാകാത്ത ഭാഷയി ൽ കുറേ നേരം പ്രാർത്ഥിക്കുകയും, ഭക്ഷണവും, കൈമടക്കും സംഭരിക്കു കയും മറ്റും കണ്ടു വരുന്നു. എന്നാ ൽ ഇങ്ങനെ ഒരു ചര്യ പ്രവാചകനോ, സ്വഹാബികളോ നമ്മെ പഠിപ്പിച്ചതാ യി നമുക്ക് കാണാൻ കഴിയുന്നില്ല. ഇത് ഇസ്ലാമിൽ പൗരോഹിത്യമുണ്ടാ ക്കിയ കാര്യമാണ്. ഇസ്ലാമിൽ തെളി വില്ലാത്തത് കാരണത്താൽ അത് നടപ്പിലാക്കേണ്ട ബാധ്യത മുസ്ലിമിനി ല്ല തന്നെ. മാത്രമല്ല, ഇസ്ലാം പഠിപ്പി ക്കാത്തഹഖ്വ്,ജാഹ്,ബർക്കത്തു കൊ ണ്ട് പ്രാർത്ഥിക്കുന്നതായും കാണു ന്നു. ഇങ്ങനെ ഒരു പ്രാർത്ഥനയുടെ രൂപവും ഇസ്ലാം പഠിപ്പിച്ചിട്ടില്ല. വിശു ദ്ധ ഖുർആനിലും, തിരുസുന്നത്തി ലും നിരവധി പ്രാർത്ഥനകൾ നമു ക്ക് കാണാനാവും, എന്നാൽ അതി ലെവിടെയെങ്കിലും ഇങ്ങനെ ഹഖ്വ്, ജാഹ് കൊണ്ടുള്ള ഒരു പ്രാർത്ഥന കാണാൻ കഴിയുന്നില്ല. അത് കൊണ്ട് നാം അങ്ങിനെയുള്ള പ്രാർത്ഥന നട ത്തുവാനോ, അതിൽ പങ്കെടുക്കു വാനോ പാടില്ലാത്തതാണ്. ഇതെല്ലാം തന്നെ

ദീനിൽ ഉണ്ടാക്കിയിട്ടുള്ള പുത്തനാചാരങ്ങളാണ്. അവയെല്ലാം നരകത്തിലാണ് പതിക്കുക.

عَنْ جَابِرِ بْنِ عَبْدِ اللهِّ قَالَ كَانَ رَسُولُ اللهِّ صَلَّى اللهُّ عَلَيْهِ وَسَلَّمَ يَقُولُ فِي خُطْبَتِهِ يحْمَدُ اللهَّ وَيُثْنِي عَلَيْهِ ........ ثُمَّ يَقُولُ: { أما بعد فإنّ خير الحَدِيثِ كِتَابُ اللهَّ ، وخير الهُدْيِ هَدْيُ محُمَّدٍ رَسُولُ الله صَلَّى اللهُ عليهِ وسلَّم –، وَشَرُّ الأُمُورِ محُدَثَاتهُا وَكُلُّ بدعة ضَلالَةٌ وَكُلُّ ضَلالَةٍ فِي النَّارِ } النسائي

ഏറ്റവും നല്ല വൃത്താന്തം അല്ലാഹു വിന്റെ ഗ്രന്ഥമാകുന്നു. ഏറ്റവും നല്ല

മാർഗ്ഗം മുഹമ്മദ് നബിയുടെ മാർഗ്ഗ വും.കാര്യങ്ങളിൽ ഏറ്റവും തിന്മയാ യത് (മതത്തിൽ ) പുതുതായി ഉണ്ടാക്കുന്ന കാര്യമാകുന്നു. എല്ലാ പുതിയ കാര്യങ്ങളും വഴികേടാകുന്നു. എല്ലാ വഴികേടുകളും നരകത്തിലാകുന്നു. (നസാഈ)

യാഥാർത്ഥ സുന്നത്തെന്താണെന്ന് പ ഠിക്കുവാനും, അവ ജീവിതത്തിൽ പ കർത്തുവാനും പരമകാരുണികനും ക രുണാവാരിധിയുമായ പടച്ച തമ്പുരാ ൻ നമുക്ക് തൗഫീഖ് നൽകുമാറാ വട്ടെ ആമീൻ.

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين.

********

# വിഷയ സൂചിക


| നമ്പർ | | പേജ് |
|---|---|---|
| 1 | ആമുഖം | 2 |
| 2 | യാത്ര ചോദിക്കൽ | 3 |
| 3 | ഒറ്റക്ക് യാത്ര ചെയ്യാതിരിക്കുക | 4 |
| 4 | അമീർ ഉണ്ടായിരിക്കണം | 5 |
| 5 | നായ മണിനാദം പോലെയു ള്ളവ കൂടെ കൊണ്ട് പോകാതിരിക്കുക | 6 |
| 6 | സ്തികൾ മഹ്റമിന്റെ കൂടെ | 6 |
| 7 | വ്യാഴാഴ്ചയുള്ള യാത്ര | 8 |
| 8 | യാത്രയിലെ പ്രാർത്ഥന | 9 |
| 9 | ഉയർന്ന സ്ഥലത്തും താഴ്ന്ന സ്ഥലത്തും | 9 |
| 10 | പ്രാർത്ഥന അധികരിപ്പിക്കുക | 10 |
| 11 | എവിടെയെങ്കിലും ഇറങ്ങു മ്പോൾ | 10 |
| 12 | ഒന്നിച്ച് ഇറങ്ങുക, ഭക്ഷണം കഴിക്കുക | 12 |
| 13 | പെട്ടെന്ന് മടങ്ങുക. | 12 |
| 15 | വീട്ടിൽ രാത്രിയിൽ പ്രവേശി ക്കുന്നത് വെറുക്കപ്പെട്ടതാണ്. | 13 |
| 16 | പള്ളിയിൽ വന്ന് രണ്ട് റക്അ ത്ത് നമസ്കരിക്കുക | 14 |
| 17 | ജംഉം, കസ്വ്റും | 18 |
| 18 | ശ്രദ്ധിക്കുക | 19 |
| 19 | വിഷയ സൂചിക | 22 |